# മലയാളസാഹിത്യം

# ദീപസ്തംഭം മഹാശ്ചര്യം.........

301. 'ദീപസ്തംഭം മഹാശ്ചര്യം
നമുക്കുംകിട്ടണം പണം' എന്നു രചിച്ചത്
(എ) കുഞ്ചൻ നമ്പ്യാർ (ബി) ചങ്ങമ്പുഴ
(സി) പൂന്താനം (ഡി) സുഗതകുമാരി

302. 'മാണിക്ക ഗൗണ്ടൻ'എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) സി.വി.രാമൻപിള്ള (ബി) ചന്തുമേനോൻ
(സി) തകഴി (ഡി) കേശവദേവ്

303. താഴെപ്പറയുന്നവയിൽ കെ.സുരേന്ദ്രൻ രചിച്ചത് അല്ലാത്തത്:
(എ) മരണം ദുർബലം (ബി) കാട്ടുകുരങ്ങ്
(സി) ഗുരുസാഗരം (ഡി) ഗുരു

304. കഥകളിയുടെ പൂർവരൂപം:
(എ) കൃഷ്ണനാട്ടം (ബി) രാമനാട്ടം
(സി) ഓട്ടൻ തുള്ളൽ (ഡി) മോഹിനിയാട്ടം

305. 'നളചരിതം കിളിപ്പാട്ട്' രചിച്ചത്:
(എ) ഉണ്ണായി വാര്യർ (ബി) കുഞ്ചൻ നമ്പ്യാർ
(സി) രാമപുരത്ത് വാര്യർ(ഡി) എഴുത്തച്ഛൻ

306. ദസ്തയേവ്സ്കിയുടെ ജീവിതം ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവൽ:
(എ) അഷ്ടപദി (ബി) അരൂപിയുടെ മൂന്നാം പ്രാവ്
(സി) ഒരു സങ്കീർത്തനം പോലെ (ഡി) ഇവയൊന്നുമല്ല

307. 'അളി വേണി എന്തു ചെയ്വൂ.....' എന്നു രചിച്ചത്:
(എ) ഇരയിമ്മൻ തമ്പി (ബി) പൂന്താനം
(സി) സ്വാതി തിരുനാൾ (ഡി) മേൽപ്പത്തൂർ

308. പി.കെ. ബാലകൃഷ്ണൻ രചിച്ച 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിലെ കേന്ദ്രകഥാപാത്രം:
(എ) അർജുനൻ (ബി) ഭീമൻ
(സി) കർണൻ (ഡി) ഭീഷ്മർ

309. മലയാളത്തിലെ ആദ്യത്തെ ഗദ്യകൃതി:
(എ) കേരളാരാമം (ബി) സംക്ഷേപവേദാർഥം
(സി) ഭാഷാകൗടലീയം (ഡി) എന്റെ റോമായാത്ര

310. 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു നാണം കെട്ടു നടക്കിന്നുതു ചിലർ' എന്നു രചിച്ചത്:
(എ) എഴുത്തച്ഛൻ (ബി) മേൽപ്പത്തൂർ
(സി) പൂന്താനം (ഡി) അക്കിത്തം

311. ശങ്കരമംഗലം എന്ന പേര് ഏത് സാഹിത്യകാരനുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) എസ്.കെ.പൊറ്റക്കാട്ട് (ബി) തകഴി
(സി) ജി.ശങ്കരക്കുറുപ്പ് (ഡി) മലയാറ്റൂർ

312. ഇരുനൂറ്റമ്പതുവർഷത്തെ കേരളത്തിന്റെ സാമൂഹിക വികാസ പരിണാമ ചരിത്രം വിവരിക്കുന്ന തകഴിയുടെ നോവൽ:
(എ) ചെമ്മീൻ (ബി) രണ്ടിടങ്ങഴി
(സി) കയർ (ഡി) തോട്ടിയുടെ മകൻ

313. 'നിളയുടെ കഥാകാരൻ' എന്നറിയപ്പെടുന്നത്:
(എ) എം.ടി. (ബി) എം.മുകുന്ദൻ
(സി) കോവിലൻ (ഡി) ടി.പത്മനാഭൻ

314. 'നരനായിങ്ങനെ ജനിച്ചുഭൂമിയിൽ
നരക വാരിധി നടുവിൽ ഞാൻ' രചിച്ചത്:
(എ) ചെറുശ്ശേരി (ബി) അക്കിത്തം
(സി) പൂന്താനം (ഡി) മേൽപ്പത്തൂർ

315. 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ'–രചിച്ചത്:
(എ) ഉള്ളൂർ (ബി) വള്ളത്തോൾ
(സി) കുമാരനാശാൻ (ഡി) ഇടശ്ശേരി

316. ഏത് പുസ്തകത്തിലാണ് ആദ്യമായി മലയാളം ലിപി അച്ചടിക്കപ്പെട്ടത്?
(എ) ഹോർത്തൂസ് മലബാറിക്കസ്
(ബി) സംക്ഷേപവേദാർഥം (സി) എന്റെ റോമായാത്ര
(ഡി) ഘാതകവധം

317. 'ആനവാരി രാമൻ നായർ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) തകഴി (ബി) ചന്തുമേനോൻ
(സി) ബഷീർ (ഡി) വേളൂർ കൃഷ്ണൻകുട്ടി

318. ഒരൊറ്റമതമുണ്ടുല്ലകിന്നുയിരാം പ്രേമമതൊന്നല്ലൊ–ഏതു കവിതയിലേതാണ് ഈ വരികൾ?
(എ) പ്രേമാമൃതം (ബി) വീണപൂവ്
(സി) വാഴക്കുല (ഡി) പ്രേമസംഗീതം

319. സേതുവും പുനത്തിൽ കുഞ്ഞബ്ദുള്ളയും ചേർന്നെഴുതിയ നോവൽ:
(എ) മരുന്ന് (ബി) നവഗ്രഹങ്ങളുടെ തടവറ
(സി) അമാവാസി (ഡി) പാണ്ഡവപുരം

320. 'പപ്പു' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) ചന്തുമേനോൻ (ബി) പി.കേശവദേവ്
(സി) സി.വി.രാമൻപിള്ള (ഡി) ബഷീർ

321. ഏത് ഭാഷയിൽനിന്നാണ് ശിപാർശ എന്ന പദം മലയാളത്തിലെത്തിയത്?
(എ) അറബി (ബി) ഫ്രഞ്ച്
(സി) ഹിന്ദി (ഡി) പേർഷ്യൻ

322. 'വീര വിരാട കുമാര വിഭോ' എന്നു രചിച്ചത്:
(എ) സ്വാതി തിരുനാൾ (ബി) ഇരയിമ്മൻ തമ്പി
(സി) പൂന്താനം (ഡി) ചെറുശ്ശേരി

323. ഗദ്യവും പദ്യവും ഇടകലർന്ന കാവ്യരൂപം:
(എ) മണിപ്രവാളം (ബി) ചമ്പു
(സി) പാട്ട് (ഡി) ഇതൊന്നുമല്ല

324. 'സൂരി നമ്പൂതിരിപ്പാട്' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) സി.വി.രാമൻപിള്ള (ബി) അപ്പു നെടുങ്ങാടി
(സി) ചന്തുമേനോൻ (ഡി) തകഴി

325. കെ.എൽ.മോഹനവർമയും മാധവിക്കുട്ടിയും ചേർന്നെഴുതിയ നോവൽ:
(എ) പാണ്ഡവപുരം (ബി) നവഗ്രഹങ്ങളുടെ തടവറ
(സി) അമാവാസി (ഡി) തട്ടകം

326. 'എന്റെ നാടുകടത്തൽ' ഏത് സാഹിത്യ ശാഖയിൽപ്പെടുന്നു?
(എ) നാടകം (ബി) ആത്മകഥ
(സി) യാത്രാവിവരണം (ഡി) ജീവചരിത്രം

327. ബൈബിൾ ആദ്യമായി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത്:
(എ) ഗുണ്ടർട്ട് (ബി) ബെഞ്ചമിൻ ബെയ്‌ലി
(സി) ഫ്രാൻസിസ് ബുക്കാനൻ (ഡി) കാൽഡ്വൽ

328. 'കാലം'രചിച്ചത്:



(എ) എം.ടി.വാസുദേവൻ നായർ (ബി) എം. മുകുന്ദൻ
(സി) ഒ.വി.വിജയൻ (ഡി) കേശവദേവ്

329. ഭീമനെ കേന്ദ്രകഥാപാത്രമാക്കി എം.ടി.വാസുദേവൻ നായർ രചിച്ച നോവൽ:
(എ) കാലം (ബി) മഞ്ഞ്
(സി) രണ്ടാമൂഴം (ഡി) നാലുകെട്ട്

330. സൈബർ സംസ്കാരത്തിൽപ്പെടുന്ന ആദ്യത്തെ മലയാള നോവൽ:
(എ) നൃത്തം (ബി) അമാവാസി
(സി) എ മൈനസ് ബി (ഡി) ഡൽഹി

331. 'മാസപ്പടി മാതുപിള്ള' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) വേളൂർ കൃഷ്ണൻകുട്ടി (ബി) ചന്തുമേനോൻ
(സി) തകഴി (ഡി) കേശവദേവ്

332. ആരുടെ തൂലികാനാമമാണ് കൽക്കി?
(എ) അയ്യപ്പൻ പിള്ള (ബി) സേതുമാധവൻ
(സി) ഗോവിന്ദപ്പിഷാരടി (ഡി) ആർ.കൃഷ്ണമൂർത്തി

333. 'അതിരാണിപ്പാടം' എന്ന സാങ്കൽപിക നഗരപ്രാന്തത്തിന്റെ കഥ പറയുന്ന മലയാള നോവൽ:
(എ) ഒരു ദേശത്തിന്റെ കഥ (ബി) ഒരു തെരുവിന്റെ കഥ
(സി) സിംഹഭൂമി (ഡി) വിഷകന്യക

334. 'പാത്തുമ്മയുടെ ആട്'രചിച്ചത്:
(എ) കേശവദേവ് (ബി) തകഴി
(സി) ബഷീർ (ഡി) ഉറൂബ്

335. കോഴിക്കോട്ടെ 'മിഠായിത്തെരുവ്' പശ്ചാത്തലമായ മലയാള നോവൽ:
(എ) ഒരു ദേശത്തിന്റെ കഥ (ബി) ഒരു തെരുവിന്റെ കഥ (സി) സിംഹഭൂമി (ഡി) വിഷകന്യക

336. ആരുടെ തൂലികാനാമമാണ് ചെറുകാട്?
(എ) വി.മാധവൻ നായർ (ബി) കെ.കെ. നായർ
(സി) ഗോവിന്ദപ്പിഷാരടി (ഡി) എം.വാസുദേവൻ നായർ

337. 'മണ്ടൻ മുത്തപ്പ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) തകഴി (ബി) ബഷീർ
(സി) കേശവദേവ് (ഡി) പൊറ്റക്കാട്ട്

338. ഏതിൽനിന്നെടുത്ത കഥ ആസ്പദമാക്കിയാണ് വള്ളത്തോൾ ചിത്രയോഗം രചിച്ചത്?
(എ) പഞ്ചതന്ത്രം (ബി) കഥാസരിത് സാഗരം
(സി) മഹാഭാരതം (ഡി) ശാകുന്തളം

339. 'കപ്പിത്താൻ' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) ഫ്രഞ്ച് (ബി) പോർച്ചുഗീസ്
(സി) സുറിയാനി (ഡി) പേർഷ്യൻ

340. 'ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി' രചിച്ചത്:
(എ) വള്ളത്തോൾ (ബി) കുമാരനാശാൻ
(സി) ഉള്ളൂർ (ഡി) ബാലാമണിയമ്മ

341. തുഞ്ചൻ ദിനമായി ആചരിക്കുന്നത്:
(എ) ജനുവരി 1 (ബി) ഡിസംബർ 31
(സി) ഡിസംബർ 1 (ഡി) ജനുവരി 31

342. 'കൃഷ്ണദ്വൈപായനൻ' എന്നറിയപ്പെടുന്നത് ആര്?
(എ) വാല്മീകി (ബി) വ്യാസൻ
(സി) കാളിദാസൻ (ഡി) ഭരതമുനി

343. മാധവിക്കുട്ടിയുടെ ആത്മകഥാപരമായ നോവൽ:
(എ) നീർമാതളംപൂത്ത കാലം (ബി) കടൽമയൂരം
(സി) ചന്ദനമരങ്ങൾ (ഡി) തരിശുനിലം

344. ആരുടെ തൂലികാനാമമാണ് കോഴിക്കോടൻ?
(എ) കുഞ്ഞനന്തൻ നായർ (ബി) രാമചന്ദ്രൻനായർ
(സി) കെ.അപ്പുക്കുട്ടൻ നായർ (ഡി) കെ.കെ. നായർ

345. 'പൊൻകുരിശ് തോമ' ആരുടെ സൃഷ്ടിയാണ്?
(എ) തകഴി (ബി) ഉറൂബ്
(സി) ബഷീർ (ഡി) സി.വി.

346. 'ഒരു തെരുവിന്റെ കഥ', 'ഒരു ദേശത്തിന്റെ കഥ' എന്നിവ രചിച്ചത്:
(എ) കോവിലൻ (ബി) എസ്.കെ. പൊറ്റക്കാട്ട്
(സി) തകഴി (ഡി) കേശവദേവ്

347. 'കുഞ്ഞുപാത്തുമ്മ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) തകഴി (ബി) ബഷീർ
(സി) കേശവദേവ് (ഡി) പൊറ്റക്കാട്ട്

348. 'ദുനിയാവ്' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) ഗ്രീക്ക് (ബി) അറബി
(സി) സുറിയാനി (ഡി) പേർഷ്യൻ

349. എഡ്വിൻ ആർനോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന കൃതിക്ക് കുമാരനാശാന്റെ മലയാള പരിഭാഷ:
(എ) ശ്രീബുദ്ധചരിതം (ബി) ശ്രീബുദ്ധവിജയം
(സി) കരുണ (ഡി) ലീല

350. 'കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ് ശമിപ്പതുണ്ടോ' എന്ന് രചിച്ചത്:
(എ) കുഞ്ചൻ നമ്പ്യാർ (ബി) കുമാരനാശാൻ
(സി) ചെറുശ്ശേരി (ഡി) പൂന്താനം

## ഉത്തരങ്ങൾ

301 (a) 302 (a) 303 (c) 304 (b) 305 (b) 306 (c) 307 (c) 308 (c)
309 (c) 310 (c) 311 (b) 312 (c) 313 (a) 314 (c) 315 (b) 316 (a)
317 (c) 318 (d) 319 (b) 320 (b) 321 (d) 322 (b) 323 (b) 324 (c)
325 (c) 326 (b) 327 (b) 328 (a) 329 (c) 330 (a) 331 (a) 332 (d)
333 (a) 334 (c) 335 (b) 336 (c) 337 (b) 338 (b) 339 (b) 340 (a)
341 (b) 342 (b) 343 (a) 344 (c) 345 (c) 346 (b) 347 (b) 348 (b)
349 (a) 350 (a)